പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4361 | 17.12.2014- ൽ മറുപടിക്ക് |
|---|---|

## പക്ഷികളിലും മൃഗങ്ങളിലുമുള്ള രോഗങ്ങൾ തടയാൻ പരിശോധനാലാബുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് പക്ഷികളിലും മറ്റു മൃഗങ്ങളിലും ഉണ്ടാകുന്ന രോഗങ്ങൾ പെട്ടെന്നു കണ്ടെത്തി പടരുന്നത് തടയാൻ പരിശോധനാലാബുകൾ സംസ്ഥാനത്തില്ലാത്തത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | എ), | ഉണ്ട് |
| ബി) | ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | ബി) | പക്ഷികളിലും മറ്റ് മൃഗങ്ങളിലും സാധാരണയായി ഉണ്ടാകാറുള്ള രോഗങ്ങൾ പെട്ടെന്ന് കണ്ടെത്തുന്നതിനുള്ള പരിശോധനാ ലാബുകൾ സംസ്ഥാനത്ത് നിലവിലുണ്ട്. എന്നാൽ പക്ഷിപ്പനി പോലെ അതീവ മാരകമായ രോഗങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രാഥമിക പരിശോധനകൾ നടത്തുവാനുള്ള സൗകര്യം മാത്രമേ സംസ്ഥാനത്തുള്ളൂ. ഇത്തരം രോഗങ്ങൾ സ്ഥിരീകരിക്കുന്നതിന് കുറഞ്ഞത് BSL 3+ (ബയോസെക്യൂരിറ്റി ലെവൽ 3+) നിലവാരമുള്ള ലബോറട്ടറി ആവശ്യമാണ്. |
| സി) | പക്ഷികളിലും മൃഗങ്ങളിലുമുള്ള രോഗങ്ങൾ താമസംവിനാ കണ്ടെത്താൻ ഏറ്റവും നൂതനവും ശാസ്ത്രീയവുമായ ലാബ് സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | സി) | മൃഗ സംരക്ഷണ വകുപ്പിന്റെ കീഴിൽ പാലോട് പ്രവർത്തിക്കുന്ന ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസിനെ ഈ നിലവാരത്തിലേക്കുയർത്തുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. പക്ഷിപ്പനിപോലുള്ള രോഗനിർണ്ണയം നടത്തി സ്ഥിരീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി ആവശ്യമാണ്. |

**സെക്ഷൻ ഓഫീസർ**